# പതിനാലാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4569 | 25.06.2019-ന് മറുപടിയ്ക്ക് |
|---|---|

## കുമ്പളം-തേവര പാലം സ്ഥലം ഏറ്റെടുപ്പ്

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | ഉത്തരം<br>ഇ.ചന്ദ്രശേഖരൻ<br>(റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
|---|---|

| | | | |
|---|---|---|---|
| (എ) | തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള അപേക്ഷ റവന്യൂ വകുപ്പിൽ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (എ) യും (ബി) യും | ഉണ്ട്. തൃപ്പൂണിത്തുറ നിയോജക മണ്ഡലത്തിൽ കിഫ്ബി പദ്ധതി മുഖേന നടപ്പിലാക്കുന്ന കുമ്പളം-തേവര പാലത്തിന്റെ നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട് 31/10/2016-ലെ സ.ഉ (സാധ) 1496/2016/പൊ.മ.വ പ്രകാരം ഭരണാനുമതി നൽകിയിട്ടുള്ളതും 14/01/2019-ൽ അർത്ഥനാധികാരി അർത്ഥന സമർപ്പിച്ചിട്ടുള്ളതുമാണ്. ഈ പദ്ധതിക്കായി സംയുക്ത സ്ഥലപരിശോധന നടത്തിയിട്ടുള്ളതും അലൈൻമെന്റ് കല്ലുകൾ പൂർണ്ണമായി സ്ഥാപിച്ച് അലൈൻമെന്റ് സ്കെച്ചിൽ സർവ്വേ നമ്പർ രേഖപ്പെടുത്തി ഡീറ്റെയിൽഡ് സ്കെച്ച് ലഭ്യമാക്കുന്നതിന് അർത്ഥനാധികാരിക്ക് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. ഡീറ്റെയിൽഡ് സ്കെച്ചും, 5% കണ്ടിജൻസി ചാർജ്ജും ലഭ്യമാക്കുന്ന മുറയ്ക്ക് എൽ.എ.ആർ.ആർ.ആക്ട് 2013-ലെ മാനദണ്ഡങ്ങൾക്കനുസരിച്ച് സമയബന്ധിതമായി സ്ഥലമേറ്റെടുക്കൽ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്. |
| (ബി) | സമയബന്ധിതമായി ഈ ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം അറിയിക്കുമോ? | | |

സെക്ഷൻ ഓഫീസർ